I/155117/2024

"ഭരണഭാഷ – മാതൃഭാഷ"

SOCIAL JUSTICE DEPARTMENT

**സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : എച്ച്.ദിനേശൻ IAS)**

തിരുവനന്തപുരം

ഉത്തരവ് നം:SJD/2208/2024-E5 തീയതി: 01-04-2024

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ജീവനക്കാര്യം – സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് ചുമതല നൽകുന്നത് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 12.03.2024 ലെ SJD/2208/2024-E5 നമ്പർ ഉത്തരവ്.

2. സാമൂഹ്യ നീതി വകുപ്പ് ,അഡീഷണൽ ഡയറക്ടറുടെ 25/03/2024 ലെ കുറിപ്പ്.

സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ജില്ലകളിലെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന, ജില്ലാതല മോണിറ്ററിംഗ് ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഉദ്യോഗസ്ഥർക്ക് ജില്ല നിശ്ചയിച്ച് നൽകിയിരിക്കുന്നതിൽ മാറ്റങ്ങൾ വരുത്തി നൽകുന്നത് ഉചിതമാകുമെന്ന് ചൂണ്ടികാട്ടി പരാമർശം (2) പ്രകാരം അഡീഷണൽ ഡയറക്ടർ കുറിപ്പ് നൽകുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന, ജില്ലാതല മോണിറ്ററിംഗ് ചുമതല നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ചുവടെ വിവരിക്കും വിധം പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | ചുമതല നൽകുന്ന ജില്ല | ചുമതല |
|---|---|---|---|
| 1. | അഡീഷണൽ ഡയറക്ടർ | 1.തിരുവനന്തപുരം<br>2.കൊല്ലം<br>3.ഇടുക്കി | 1.സംസ്ഥാന വ്യാപകമായി വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക.<br><br>2.ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |
| 2. | ജോയിന്റ് ഡയറക്ടർ | 1.ആലപ്പുഴ<br>2.പത്തനംതിട്ട<br>3.കോട്ടയം | 1.സംസ്ഥാന വ്യാപകമായി ഭിന്നശേഷി പ്രവർത്തനങ്ങളുടെ മേൽ നോട്ടം നിർവ്വഹിക്കുക.<br><br>2ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക. |
| 3. | അസിസ്റ്റന്റ് ഡയറക്ടർ(പ്ലാനിംഗ്, എഫ് സെക്ഷൻ) | 1.മലപ്പുറം<br>2.വയനാട്<br>3.പാലക്കാട് | 1.ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക.<br><br>2. സംസ്ഥാനമൊട്ടാകെ പദ്ധതി നിർവഹണം , ഇ ഗവേർണൻസ്- ഇ-ഓഫീസ് നിർവഹണം, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയുടെ മേൽനോട്ടം നിർവ്വഹിക്കുക. |
| 4. | അസിസ്റ്റന്റ് ഡയറക്ടർ (ജി സെക്ഷൻ) | 1.കാസർഗോഡ്<br>2.കണ്ണൂർ | 1.ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക.<br><br>2. സംസ്ഥാനമൊട്ടാകെ വയോജന ക്ഷേമ പദ്ധതികൾ, കേന്ദ്ര പദ്ധതികൾ എന്നിവയുടെ മേൽനോട്ടം നിർവ്വഹിക്കുക. |
| 5. | അസിസ്റ്റന്റ് ഡയറക്ടർ (പ്രൊബേഷൻ, ട്രാൻസ് ജെന്റർ) | 1.എറണാകുളം.<br>2.തൃശൂർ<br>3.കോഴിക്കോട് | 1.ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക.<br><br>2. സംസ്ഥാനമൊട്ടാകെ പ്രൊബേഷൻ- ട്രാൻസ് ജൻഡർ മേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക. |

ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നടക്കുന്നതു വരെ അസിസ്റ്റന്റ് ഡയറക്ടർ (ജി) യ്ക്ക് നിശ്ചയിച്ചിട്ടുള്ള കണ്ണൂർ, കാസർഗോഡ് ജില്ലകൾ യഥാക്രമം അസിസ്റ്റന്റ് ഡയറക്ടർ (എഫ്&പ്ലാനിംഗ്), അസിസ്റ്റന്റ് ഡയറക്ടർ (സി) എന്നിവർ മേൽനോട്ടം വഹിക്കേണ്ടതാണ്. ചുമതലകൾ നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ, കൃത്യമായ ഇടവേളകളിൽ ജില്ലയിലെ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്ലാൻ ഫണ്ടിന്റെ കൃത്യമായ ചെലവ് ഉറപ്പാക്കേണ്ടതും പദ്ധതി നിർവഹണത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ കാണുകയാണെങ്കിൽ ആയത് പഠിച്ചു പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്.

**H DINESHAN**

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

<u>പകർപ്പ് :</u>

1. വെബ്ബ്സൈറ്റ് പ്രസിദ്ധീകരണത്തിന്.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
3. ഡയറക്ടറുടെ സി.എയ്ക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

I/155117/2024

Signed by H Dineshan
Date: 01-04-2024 17:51:51